**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 339** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഉറവിട മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. ഗാർഹികതലത്തിൽ അഴുകുന്ന മാലിന്യത്തെ കലം കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പോർട്ടബിൾ ബിൻ, കിച്ചൺ ബിൻ, ബയോകമ്പോസ്റ്റർ, പൈപ്പ് കമ്പോസ്റ്റ്, പിറ്റ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിച്ച് വളവും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പാചക ഇന്ധനവും ഉത്പാദിപ്പിക്കുക വഴി ജനപങ്കാളിത്തത്തോടെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗും ബയോഗ്യാസ് പ്ലാന്റുകളും, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു. |
| (ബി) | ഉറവിട മാലിന്യ സംസ്കരണം എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ജനപങ്കാളിത്തത്തോടെ ഇത് വ്യാപകമാക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉറവിട ജൈവമാലിന്യ സംസ്കരണം എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ലക്ഷ്യമാക്കി 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന ക്യാമ്പയിനോടുകൂടിയാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി 2017 ആഗസ്റ്റ് മാസത്തിൽ 50 ലക്ഷം വീടുകൾ സന്ദർശിച്ച് ഉറവിടമാലിന്യ |

| | | | |
|---|---|---|---|
| | | | സംസ്കരണത്തിന്റെയും ഉറവിടത്തിൽ തരംതിരിവിന്റെയും സന്ദേശം കൈമാറുകയും തുടർന്ന് ഹരിതകർമ്മസേനയുൾപ്പെടെ വിപുലമായ ഭൗതീക സൗകര്യങ്ങൾ ഈ മേഖലയിൽ ഉണ്ടായി വന്നിട്ടുള്ളതുമാണ്. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിന്റെ രണ്ടാം ഘട്ടം സംസ്ഥാനവ്യാപകമായി സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുകയും അജൈവ പാഴ്‌വസ്തുക്കൾ ക്ലീൻ കേരള കമ്പനി പുറത്തിറക്കിയിട്ടുള്ള കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് സംസ്കരണത്തിന് അയയ്ക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന് പരമാവധി പ്രചരണം നൽകുക എന്നതാണ് രണ്ടാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് സ്വീകാര്യത വർദ്ധി പ്പിക്കുകയും അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനും രണ്ടാം ഘട്ടത്തിൽ മുൻഗണന നൽകും, ഹരിതനിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവ രണ്ടാം ഘട്ടത്തിൽ സംഘടിപ്പിക്കും. നഗരസഭകളിൽ വാട്ട്സ്ആപ്പ് കൂട്ടായ്മകൾ വഴിയും റസിഡൻഡ് അസോസിയേഷൻ വഴിയും, സന്നദ്ധ സംഘടനകൾ വഴിയും ഉറവിട മാലിന്യ സംസ്കരണത്തിന് വ്യാപകമായ ബോധവത്ക്കരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ